## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### തൊഴിലുറപ്പു പദ്ധതി കൂടുതൽ മേഖലകളിലേക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3212

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ പഠനങ്ങൾ എന്നിവ ഫലപ്രദമായും സുതാര്യമായും കാര്യക്ഷമമായും ഏറ്റെടുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

Sheeja

സെക്ഷൻ ഓഫീസർ

അനുബന്ധം

തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ലേബർ ബഡ്ജറ്റ് കൃത്യതയോടെ തയ്യാറാക്കി യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.
2. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് എല്ലാ പഞ്ചായത്തിലും ഷെൽഫ് ഓഫ് പ്രോജക്സ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം, സമയബന്ധിതമായി വേതനം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്നതിലേക്കായി, നിലവിലുള്ള കരാർ ജീവനക്കാർക്ക് പുറമേ, 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് അതോടൊപ്പം 2 കോടിയിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും, ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.
3. ഗ്രാമ -ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓപ്പറേറ്റർ എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ സാങ്കേതികാനുമതി, മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.
4. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് മെമ്പർ അധ്യക്ഷനായ കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട്.
5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
6. പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം(ഇ-എഫ്.എം.എസ്) നടപ്പിലാക്കിയിട്ടുണ്ട്.
7. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും പരിചയസമ്പന്നത ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
8. മൂന്നാംഘട്ട ജില്ലകളിലെ പദ്ധതിയുടെ വിലയിരുത്തൽ പഠനങ്ങൾ നടത്തുന്നതിനായി വിവിധ ഏജൻസികളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.
9. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി വിശദമായ വിലയിരുത്തലുകൾക്കും പഠനത്തിനും ശേഷം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമപരമായി സാധ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കേന്ദ്രസർക്കാരിന്റെ 03.01.2014 ലെ എസ്.ഒ 19. (ഇ) നമ്പർ വിജ്ഞാപന പ്രകാരം ചുവടെ ചേർക്കുന്ന മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

I. **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല റീചാർജ്ജിനായി ആവശ്യമായ അടിയണകൾ, മൺതടയണകൾ, തടയണകൾ, ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.

ii. ഒരു നീർത്തടത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ സംരക്ഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തനങ്ങൾ

iii. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മിതി, പുനഃരുദ്ധാരണം, മെയിന്റൻസ് എന്നി പ്രവൃത്തികൾ.

iv. തോടുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസംഭരണികളുടെ പുനഃരുദ്ധാരണം

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും മറ്റ് പ്രദേശങ്ങളിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. പ്രസ്തുത പ്രവൃത്തികളിൽ നിന്നും ലഭിക്കുന്ന ആദായം പാര 5 ൽ പ്രതിപാദിക്കുന്ന വിഭാഗങ്ങൾക്ക് അവകാശപ്പെടുത്താവുന്നതാണ്.

vi. പൊതു സ്ഥലങ്ങളിലെ ഭൂവികസന പ്രവർത്തനങ്ങൾ

II. <u>വിഭാഗം-ബി</u> : **സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വ്യക്തിഗത ആസ്തി സൃഷ്ടിക്കൽ ( പാര 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം**

i) പാര 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ കിണറുകൾ, കുളങ്ങൾ മറ്റ് ജല സംരക്ഷണ നിർമ്മിതികൾ എന്നിവ ലഭ്യമാക്കലും അതോടൊപ്പം ഭൂമി വികസിപ്പിക്കലും

ii) പഴകൃഷി, പട്ട്നൂൽപുഴു കൃഷി, തോട്ടവിളകൃഷി, വനവത്കരണം എന്നിവയിലൂടെ ആജീവന വ്യവസ്ഥകൾ മെച്ചപ്പെടുത്തൽ

iii) പാര 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ

iv) ഇന്ദിരാ ആവാസ് യോജന പ്രകാരമോ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ

പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിനുള്ള അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം

v) മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം

vi) മത്സ്യ സമ്പത്തും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ, വർഷകാലത്ത് പൊതുഭൂമിയിൽ ഉണ്ടാകുന്ന വെള്ളക്കെട്ടിൽ മത്സ്യം വളർത്തൽ

III. <u>വിഭാഗം സി</u> : **ദേശീയ ഗ്രാമീണ ഉപജീവന മിഷനിലൂടെ <u>പ്രവർത്തനക്ഷമമായിട്ടുള്ള</u> സ്വയം സഹായ സംഘങ്ങൾക്ക് ആവശ്യമായ പൊതു അടിസ്ഥാന സൗകര്യ നിർമ്മിതികൾ**

i. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ജൈവവളങ്ങളുടെ നിർമ്മാണത്തിനും വിളവെടുപ്പ് കഴിഞ്ഞ് ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം

ii. സ്വയം സഹായ സംഘങ്ങളുടെ ആജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വർക്ക് ഷെഡുകളുടെ നിർമ്മാണം

IV. <u>വിഭാഗം ഡി</u> : **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം**

i. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം സമ്പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതിനായി സ്വതന്ത്രമായോ അല്ലെങ്കിൽ സർക്കാർ വകുപ്പുകളുടെ മറ്റ് പദ്ധതികളുമായി *ഉദ്ഗ്രഥനത്തിലൂടെയോ* ഏറ്റെടുക്കാവുന്ന ഗ്രാമീണ ശുചിത്വ പരിപാടികളായ വ്യക്തിഗത കക്കൂസുകൾ/സ്കൂൾ ടോയ്‌ലെറ്റുകൾ/ അംഗൻവാടി ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണവും ഖര-ദ്രവ മാലിന്യ പരിപാലനവും.

ii. നിലവിൽ പ്രധാനപ്പെട്ട റോഡുകളുമായി ബന്ധപ്പെടാത്ത ഗ്രാമപ്രദേശങ്ങളെയും ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും പ്രധാനറോഡുകളുമായി ബന്ധിപ്പിക്കുന്ന എല്ലാ കാലാവസ്ഥയിലും നിലനിൽക്കുന്ന റോഡുകൾ, ഉറപ്പുള്ള ഉൾറോഡുകൾ, ഓടകൾ, കലിങ്കുകൾ എന്നിവയുടെ നിർമ്മാണം

iii. കളിസ്ഥലങ്ങളുടെ നിർമ്മാണം

iv. വെള്ളപ്പൊക്ക നിയന്ത്രണ/സംരക്ഷണ പ്രവർത്തനങ്ങൾ, വെള്ളക്കെട്ട് പ്രദേശങ്ങളിലെ ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിക്കൽ, വെള്ളപ്പൊക്കം നിയന്ത്രിക്കുന്ന തോടുകളുടെ ആഴം കൂട്ടൽ/ അറ്റകുറ്റപണികൾ, തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ തോടുകളുടെ നിർമ്മാണം എന്നിവയിലൂടെ ദുരന്തനിവാരണ മുന്നൊരുക്കം ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അല്ലെങ്കിൽ